LIBRARY ARCHIVES Kerala Legislative Assembly

മലബാർ പ്രദേശത്ത് ടൂറിസം വികസനം

62 [1150] ശ്രീമതി ശോഭനാജോർജ് :

ശ്രീ. പി. ശങ്കരൻ :

,, ഡി. സുഗതൻ :

,, ടി. എൻ. പ്രതാപൻ :

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ മലബാർ പ്രദേശത്ത് ടൂറിസം വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് എന്തെല്ലാം പദ്ധതികൾക്ക് പണം അനുവദിച്ചിട്ടുണ്ട് ;

(ബി) തിരുനെല്ലിയെ കാട്ടിക്കുളംവഴി ബന്ധിപ്പിക്കുന്ന പരിപാടിയുടെ വർക്കുകൾ എന്നാരംഭിക്കുമെന്ന് വെളിപ്പെടുത്താമോ ;

(സി) തിരുനെല്ലിയിൽ അനുവദിച്ചിട്ടുള്ള ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററിന്റെ പണി എന്നാരംഭിക്കും ;

(ഡി) പ്രസ്തുത പദ്ധതികളുമായി സംസ്ഥാന ഗവൺമെന്റിനുള്ള ബന്ധം എന്തെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മലബാർ ടൂറിസത്തിന്റെ ഭാഗമായും ഹൈറേഞ്ച് ടൂറിസത്തിന്റെ ഭാഗമായും മലബാർ പ്രദേശത്ത് ടൂറിസം വികസനത്തിനുവേണ്ടി താഴെപ്പറയുന്ന പദ്ധതികൾക്ക് സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്:

1. കാപ്പാട് ബീച്ചിന്റെ വികസനം
2. ടൂറിസ്റ്റ്/പിൽഗ്രിം ഫെസിലിറ്റേഷൻ സെന്റർ-തിരുനെല്ലി
3. പൈതൽമലയിൽ എക്കോടൂറിസം പദ്ധതി
4. നിലമ്പൂരിൽ എക്കോടൂറിസം പദ്ധതി
5. ആതിരപ്പിള്ളി വെള്ളച്ചാട്ടത്തിന്റെ സമഗ്രടൂറിസം വികസനം
6. പറമ്പിക്കുളത്ത് ടെന്റഡ് താമസ സൗകര്യം
7. പൈതൽമലയിൽ ടൂറിസ്റ്റ് കോംപ്ലക്സ്
8. പറശ്ശിനിക്കടവിൽ ടൂറിസം വികസന പദ്ധതി
9. മുത്തങ്ങയിൽ ടൂറിസ്റ്റ് കോംപ്ലക്സ്
10. നിലമ്പൂരിൽ ടൂറിസ്റ്റ് കോംപ്ലക്സ്
11. മേപ്പാടിയിൽ വഴിയോര വിശ്രമകേന്ദ്രം

കൂടാതെ കായലോര ടൂറിസം വികസനത്തിന്റെ ഭാഗമായും കേന്ദ്ര ടൂറിസം മന്ത്രാലയം താഴെ പറയുന്ന പദ്ധതികൾക്കും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്:

(എ) 8 ഫ്ളോട്ടിംഗ് ജെട്ടികൾ

(ബി) നീലേശ്വരത്ത് ഹൗസ്ബോട്ട് ടെർമിനൽ

(സി) കനയൻക്കോട് അഴീക്കൽ, കൊറ്റി, ആറ്റിൻകടവ് എന്നീ സ്ഥലങ്ങളിൽ ബോട്ട്ജെട്ടികൾ

(ഡി) വാടിക്കലിൽ ഹൗസ്ബോട്ട് ടെർമിനലിന്റെ നിർമ്മാണം

(ബി) തിരുനെല്ലിയെ കാട്ടിക്കുളംവഴി ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പദ്ധതി ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പദ്ധതിയുടെ മതിപ്പ് തുക 76 ലക്ഷം രൂപയാണ്. അതിൽ 50 ലക്ഷം രൂപ കേന്ദ്ര സഹായവും ബാക്കി സംസ്ഥാന വിഹിതവുമാണ്.

മലബാർ പ്രദേശത്ത് ടൂറിസം വികസനപദ്ധതികൾക്ക് ലഭിച്ച കേന്ദ്ര വിഹിതം

63 [1151] ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, സി. പി. മുഹമ്മദ് :
,, ബി. വിജയകുമാർ :
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ മലബാർ പ്രദേശത്ത് കേന്ദ്ര ഗവൺമെന്റ് എത്തെല്ലാം ടൂറിസം വികസനപദ്ധതികൾക്ക് പണം അനുവദിച്ചിട്ടുണ്ട് ;

(ബി) ഈ പ്രദേശത്തെ ഏതെല്ലാം ബീച്ചുകൾ വികസിപ്പിക്കുവാൻ കേന്ദ്രസഹായം കിട്ടിയിട്ടുണ്ട് ;

(സി) മുത്തങ്ങയിൽ ടൂറിസം കോംപ്ലക്സ് സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് എന്തു തുക അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള സംസ്ഥാനത്തെ വടക്കൻ ജില്ലകളിലെ ടൂറിസത്തിന്റെ ഭാഗമായും ഹൈറേഞ്ച് ടൂറിസത്തിന്റെ ഭാഗമായും താഴെപ്പറയുന്ന പദ്ധതികൾക്ക് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്:

1. കാപ്പാട് ബീച്ചിന്റെ വികസനം
2. ടൂറിസ്റ്റ്/പിൽഗ്രിം ഫെസിലിറ്റേഷൻ സെന്റർ, തിരുനെല്ലി
3. പൈതൽമലയിൽ എക്കോടൂറിസം പദ്ധതി
4. പൈതൽമലയിൽ ടൂറിസ്റ്റ് കോംപ്ലക്സ്
5. നിലമ്പൂരിൽ എക്കോടൂറിസം പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly